**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3228** **01-03-2023 - ൽ മറുപടിയ്ക്ക്**

**വി.എച്ച്.എസ്.സി. പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വി.എച്ച്.എസ്.സി. പാഠ്യപദ്ധതി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വി.എച്ച്.എസ്.ഇ പാഠ്യപദ്ധതി പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് അനുസരിച്ചുള്ള കോഴ്സുകളിലേക്ക് മാറ്റിയിട്ടുണ്ട്. അതിനനുസരിച്ച് എല്ലാ അക്കാദമിക വർഷത്തിലും കാലികമായ പുതിയ എൻ.എസ്.ക്യൂ എഫ് കോഴ്സുകൾ ആവിഷ്കരിക്കുന്നുണ്ട്. |
| (ബി) | വി.എച്ച്.എസ്.സി. മുഖേന തൊഴിലധിഷ്ഠിത കോഴ്സുകളാണ് നൽകുന്നത് എന്നത് കണക്കിലെടുത്ത് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന വിധം പാഠ്യപദ്ധതി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ദേശീയ തലത്തിൽ തന്നെ തൊഴിൽ ലഭ്യതയ്ക്കും ഉപരിപഠനത്തിനും ഒരുപോലെ സഹായകമാകും വിധമാണ് പുതിയ എൻ.എസ്.ക്യൂഎഫ് കോഴ്സുകൾ വിഭാവനം ചെയ്തിട്ടുള്ളത് . പ്രസ്തുത കോഴ്സുകളാണ് സംസ്ഥാനത്തും നടപ്പിലാക്കുന്നത്. |
| (സി) | വ്യാവസായിക, തൊഴിൽ മേഖലയിൽ അതിനൂതന സാങ്കേതികവിദ്യയിലൂടെയുള്ള ഉപകരണങ്ങളും രീതികളും വ്യാപിച്ചുവരുന്ന കാലഘട്ടത്തിൽ അവയിൽ പ്രാവീണ്യം നേടുന്ന വിധത്തിൽ വിദ്യാർത്ഥികളെ രൂപപ്പെടുത്തിയെടുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | അതത് തൊഴിൽ മേഖലകളിലെ അന്തർ ദേശീയവും ദേശീയവുമായ അത്യാധുനിക തൊഴിൽ നൈപുണ്യം ആർജിക്കാവുന്ന തരത്തിലാണ് ഓരോ വി.എച്ച്.എസ്.ഇ കോഴ്സുകളും വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വർഷവും തൊഴിൽ കോഴ്സുകളിൽ ഉണ്ടാകുന്ന ആധുനികവൽക്കരണ ത്തിന്റെ ഗുണഫലങ്ങൾ കേരളത്തിലെ വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന തരത്തിൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നുണ്ട് |
| (ഡി) | പുതിയ കാലഘട്ടത്തിന്റെ ആവശ്യകതകൾ പഠിക്കുന്നതിന് വ്യാവസായിക, തൊഴിൽ മേഖലകളിലെ അതിവിദഗ്ധരെയും സംരംഭകരെയും ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | വിശദമായ സ്കിൽ ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിലാണ് സെക്ടർ സ്കിൽ കൗൺസിലുകൾ പുതിയ ക്വാളിഫിക്കേഷൻ പായ്ക്കുകൾക്ക് (കോഴ്സുകൾ) അംഗീകാരം നൽകുന്നത്. കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കുകയോ, കാലഹരണപ്പെട്ടത് നിർത്തലാക്കുകയോ, നിലവിലുള്ളവ അപ്ഡേറ്റ് ചെയ്യുകയോ ചെയ്യുന്ന തരത്തിലുള്ള സംവിധാനമാണ് എൻ.എസ്.ക്യൂ എഫിലുള്ളത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള വിദഗ്ദ കമ്മിറ്റിയാണ് നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ നിന്നും കേരളത്തിനനുയോജ്യമായ പുതിയ കോഴ്സുകൾ ഓരോ വർഷവും തെരഞ്ഞെടുക്കുന്നത്. വ്യവസായ, തൊഴിൽ മേഖലകളിലെ വിദഗ്ധരേയും, സംരഭകരേയും വി.എച്ച്.എസ്.ഇ. കോഴ്സുകളുടെ തെരഞ്ഞെടുപ്പിലും വ്യവസായധിഷ്ഠിത പരിശീലനം (ഒ.ജെ.റ്റി) എക്സ്പർട്ട് ഇന്ററാക്ഷൻ എന്നിവയിലും ഉൾപ്പെടുത്തിവരുന്നുണ്ട്. വിദഗ്ധസമിതി രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | പുതിയ തരം സാങ്കേതികവിദ്യകളും ഉപകരണങ്ങളും പരിചയപ്പെടുന്നതിനും പ്രാഗത്ഭ്യം ലഭ്യമാക്കുന്നതിനും വി.എച്ച്.എസ്.സി. അദ്ധ്യാപകരെ പ്രാപ്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | പുതിയ കോഴ്സുകളിലെ ആധുനിക സങ്കേതങ്ങളും ഉപകരണങ്ങളും അധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി ബന്ധപ്പെട്ട സെക്ടർ സ്കിൽ കൗൺസിലുകളുടെ സഹായത്തോടെ ഓരോ കോഴ്സിലെയും അധ്യാപക പരിശീലന പരിപാടികൾ വി.എച്ച്.എസ്.ഇ വകുപ്പ് എല്ലാ വർഷവും നടത്തി വരുന്നുണ്ട്. കൂടാതെ അധ്യാപകർക്ക് അതത് തൊഴിലിടങ്ങളിൽ നേരിട്ടുള്ള പ്രവർത്തനാധിഷ്ഠിത പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ